**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1331** 02-03-2017 **ൽ മറുപടിക്ക്**

**ലോ അക്കാഡമിയുടെ ഭൂമി ഏറ്റെടുക്കൽ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| ലോ അക്കാഡമിയുടെ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; ഇതു സംബന്ധിച്ച് വ്യത്യസ്ത നിലപാടുകൾ മാധ്യമങ്ങളിൽ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ? | ലോ അക്കാഡമി കോംപ്ലക്സിൽ റസ്റ്റോറന്റും, ബാങ്ക് ശാഖയും പ്രവർത്തിക്കുന്ന സ്ഥലം വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗിച്ചതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഭൂമി പതിവ് വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ളതിനാൽ ഈ കെട്ടിടത്തിലെ പ്രവർത്തനങ്ങൾ ഒഴിപ്പിക്കുന്നതിനും സ്ഥലം തിരിച്ചെടുക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**